**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2767** **13-12-2022 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത നിക്ഷേപം, ഉത്തരവാദിത്ത വ്യവസായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഉത്തരവാദിത്ത നിക്ഷേപം, ഉത്തരവാദിത്ത വ്യവസായം എന്ന നയത്തിലൂടെ പെരുമ്പാവൂർ മണ്ഡലത്തിൽ എന്തൊക്കെ കാര്യങ്ങളാണ് സർക്കാർ ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്തെ പ്രകൃതിക്കും പ്രകൃതി വിഭവങ്ങൾക്കും കോട്ടം തട്ടാത്ത രീതിയിലും സർക്കാർ നിയമങ്ങളും ചട്ടങ്ങളും പാലിച്ച് സംസ്ഥാനത്തെ പ്രകൃതി വിഭവങ്ങളുടെയും കാർഷിക ഉല്പ്പന്നങ്ങളുടെയും മനുഷ്യശേഷിയുടേയും മൂല്യവർദ്ധന വഴി സാമ്പത്തിക പുരോഗതി കൈവരിക്കുകയും സംസ്ഥാനത്ത് മതിയായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയുമാണ് ഉത്തരവാദിത്ത വ്യവസായം ഉത്തരവാദിത്ത നിക്ഷേപം എന്ന നയം കൊണ്ട് ലക്ഷ്യമിടുന്നത്.<br><br>പെരുമ്പാവൂർ മണ്ഡലത്തിൽ ട്രാവൻകൂർ റെയോൺസിന്റെ കൈവശമുള്ള 30ഏക്കർ ഭൂമിയിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് കിൻഫ്രയ്ക്ക് നിലവിൽ പദ്ധതിയുണ്ട്. റവന്യൂ വകുപ്പിൽ നിന്നും പ്രസ്തുത ഭൂമി കൈമാറികിട്ടുന്ന മുറയ്ക്ക്, ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി ഇലക്ട്രോണിക്സ് ഉൾപ്പെടെ പരിസ്ഥിതി സൗഹാർദ്ദമായ ഒരു പദ്ധതി കിൻഫ്ര വിഭാവനം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ വികസിപ്പിക്കുന്ന പാർക്കിൽ സംരംഭകർക്ക്<br><br>വ്യാവസായിക ഉല്പാദനത്തിന് ആവശ്യമായ ഊർജ്ജം, ജല ലഭ്യത, മാലിന്യ സംസ്കരണം, അഗ്നി സുരക്ഷ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാകും.<br><br>വ്യവസായ വകുപ്പിന് കീഴിൽ, പെരുമ്പാവൂർ മണ്ഡലത്തിൽ ഈ സാമ്പത്തിക വർഷം 65.18 കോടി രൂപയുടെ നിക്ഷേപത്തിൽ ആകെ 718 യൂണിറ്റുകൾ ആരംഭിച്ചു. ഇതിലൂടെ 1535 പേർക്ക് തൊഴിൽ ലഭിച്ചു. ഇതിൽ ഉൽപ്പാദന മേഖലയിൽ 109 യൂണിറ്റുകളും, സർവീസ് മേഖലയിൽ 170 യൂണിറ്റുകളും, ട്രേഡ് മേഖലയിൽ 439 യൂണിറ്റുകളും ഉൾപ്പെടും |
| (ബി) | വ്യാവസായിക ഉല്പാദനത്തിന് ആവശ്യമായ ഊർജ്ജം, ജല ലഭ്യത, മാലിന്യ സംസ്കരണം, അഗ്നി | (ബി) | സംസ്ഥാനത്തെ പ്രകൃതിക്കും പ്രകൃതി വിഭവങ്ങൾക്കും കോട്ടം തട്ടാത്ത രീതിയിലും സർക്കാർ നിയമങ്ങളും |

| | | | |
|---|---|---|---|
| | സുരക്ഷ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഉൾക്കൊള്ളുന്ന എന്തെല്ലാം പ്രത്യേക സംവിധാനങ്ങളാണ് പെരുമ്പാവൂർ മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | | ചട്ടങ്ങളും പാലിച്ച് സംസ്ഥാനത്തെ പ്രകൃതി വിഭവങ്ങളുടെയും കാർഷിക ഉല്പ്പന്നങ്ങളുടെയും മനുഷ്യശേഷിയുടേയും മൂല്യവർദ്ധന വഴി സാമ്പത്തിക പുരോഗതി കൈവരിക്കുകയും സംസ്ഥാനത്ത് മതിയായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയുമാണ് ഉത്തരവാദിത്ത വ്യവസായം ഉത്തരവാദിത്ത നിക്ഷേപം എന്ന നയം കൊണ്ട് ലക്ഷ്യമിടുന്നത്.<br><br>പെരുമ്പാവൂർ മണ്ഡലത്തിൽ ട്രാവൻകൂർ റെയോൺസിന്റെ കൈവശമുള്ള 30ഏക്കർ ഭൂമിയിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് കിൻഫ്രയ്ക്ക് നിലവിൽ പദ്ധതിയുണ്ട്. റവന്യൂ വകുപ്പിൽ നിന്നും പ്രസ്തുത ഭൂമി കൈമാറികിട്ടുന്ന മുറയ്ക്ക്, ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി ഇലക്ട്രോണിക്സ് ഉൾപ്പെടെ പരിസ്ഥിതി സൗഹാർദ്ദമായ ഒരു പദ്ധതി കിൻഫ്ര വിഭാവനം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ വികസിപ്പിക്കുന്ന പാർക്കിൽ സംരംഭകർക്ക്<br><br>വ്യാവസായിക ഉല്പാദനത്തിന് ആവശ്യമായ ഊർജ്ജം, ജല ലഭ്യത, മാലിന്യ സംസ്കരണം, അഗ്നി സുരക്ഷ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാകും.<br><br>വ്യവസായ വകുപ്പിന് കീഴിൽ, പെരുമ്പാവൂർ മണ്ഡലത്തിൽ ഈ സാമ്പത്തിക വർഷം 65.18 കോടി രൂപയുടെ നിക്ഷേപത്തിൽ ആകെ 718 യൂണിറ്റുകൾ ആരംഭിച്ചു. ഇതിലൂടെ 1535 പേർക്ക് തൊഴിൽ ലഭിച്ചു. ഇതിൽ ഉൽപ്പാദന മേഖലയിൽ 109 യൂണിറ്റുകളും, സർവീസ് മേഖലയിൽ 170 യൂണിറ്റുകളും, ട്രേഡ് മേഖലയിൽ 439 യൂണിറ്റുകളും ഉൾപ്പെടും |

സെക്ഷൻ ഓഫീസർ